# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1635**

**14-12-2012 ൽ മറുപടിയ്ക്ക്**

## റൈസ് ബയോപാർക്ക്

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.എ.മാധവൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റൈസ് ബയോപാർക്ക് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുക; | (എ) നെൽകർഷകർക്ക് ഉല്പന്ന വൈവിധ്യ വൽക്കരണത്തിലൂടെ ആദായം വർദ്ധിപ്പിക്കുക എന്നതാണ് റൈസ് ബയോ പാർക്ക് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. നെല്ലിന്റെ പ്രധാന ഉല്പന്നമായ അരിയും ഉപോല്പന്നങ്ങളായ തവിട്, ഉമി, അരികൊണ്ടുള്ള മറ്റ് ഉല്പന്നങ്ങൾ, വൈക്കോൽ എന്നിവയുടെ മൂല്യ വർദ്ധിത സംരംഭങ്ങൾ വ്യവസായ പാർക്ക് മാതൃകയിൽ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനുള്ള ഒരു നൂതന സംരംഭമാണ് റൈസ് ബയോപാർക്ക്. നെൽ കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ല് വൈവിധ്യവല്ക്കരണത്തിലൂടെ കൂടുതൽ വരുമാനം ലഭ്യമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (ബി) എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;<br>വിശദാംശങ്ങൾ എന്തെല്ലാം; | (ബി) അരിയും അരിയുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങളായ വിവിധയിനം പലഹാരപ്പൊടികൾ, അവൽ, മലര്, ആരോഗ്യപാനീയം, തവിട്, തവിടിന്റെ ഉല്പന്നങ്ങളായ തവിടെണ്ണ, കാലിത്തീറ്റ |

എന്നിവയും ഉമിയും ഉമികൊണ്ടുള്ള ഉല്പന്നങ്ങളും കരകൗശല വസ്തുക്കൾ എന്നിവ ഉല്പാദിപ്പിക്കുക വഴി നെല്ലിന്റെ ഉപോല്പന്നങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കർഷകർക്ക് വരുമാന ഭദ്രത ഉറപ്പാക്കാൻ പര്യാപ്തമായ പദ്ധതികളാണ് റൈസ് ബയോപാർക്കിലൂടെ ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| (സി) | നെൽകർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാനും എന്തെല്ലാം സംവിധാനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | വരുമാന വർദ്ധനവിനും, വിപണി വികസനത്തിനും പര്യാപ്തമാകുമാറ് ഉല്പന്ന മൂല്യ വർദ്ധനവിന് വഴിയൊരുക്കുന്നതിന് പുറമെ ഗതാഗതം, വിദ്യുത്ച്ഛക്തി, വാർത്താവിനിമയം, ജലലഭ്യത, അടിസ്ഥാനസൗകര്യങ്ങൾ, വിപണന സൗകര്യങ്ങൾ, ഗോഡൗൺ സൗകര്യങ്ങൾ എന്നിവ പാർക്കിൽ ലഭ്യമാക്കും. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ? | (ഡി) | കേരള കാർഷിക സർവ്വകലാശാല കൃഷി വകുപ്പ്, ധനകാര്യ സ്ഥാപനങ്ങൾ, പൊതു സ്വകാര്യ കമ്പനികൾ, കർഷക സംഘങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ